പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3090 | 18.06.2019-ന് മറുപടിക്ക് |

**പേരണ്ടൂർ-വട്ടുതല പാലത്തിന്റെ സ്ഥലമെട്ടുപ്പ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ള പേരണ്ടൂർ-വട്ടുതല പാലത്തിന്റെ സ്ഥലമെട്ടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | 04-03-2016-ലെ സ.ഉ.(സാധാ) നമ്പർ 606/2016/പൊ.മ.വ പ്രകാരം എറണാകുളം ജില്ലയിൽ പേരണ്ടൂർ-വട്ടുതല പാലത്തിന്റെ സ്ഥലമെടുപ്പിനായി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും 2013-ലെ എൽ.എ.ആർ.ആർ. ആക്റ്റ് പ്രകാരം സാമൂഹ്യാഘാതപഠനം നടത്തുന്നതിനായി ജില്ലാതല SIA ഏജൻസിയെ നിയോഗിച്ചിട്ടുള്ളതുമാണ്. |
| (ബി) | സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ടുള്ള സാമൂഹിക പ്രത്യാഘാത പഠനം പൂർത്തികരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സ്ഥലമെട്ടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത് എന്നും വ്യക്തമാക്കാമോ? | (സി) | സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ആയത് വിദഗ്ധ സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതും വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സമുചിത തീരുമാനം കൈക്കൊണ്ട് എൽ.എ.ആർ.ആർ.ആക്റ്റ് 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ